## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.104** **08.06.2015 ന് മറുപടിയ്ക്ക്**

## ലഹരി വിമുക്ത കേരളം - ഐശ്വര്യ കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി.വിൻസെൻറ്<br>,, ഷാഫി പറമ്പിൽ<br>,, ആർ. സെൽവരാജ്<br>,, പി.എ.മാധവൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് "ലഹരി വിമുക്ത കേരളം- ഐശ്വര്യ കേരളം പദ്ധതി" പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | മിഷൻ 676-ൽ "ലഹരി വിമുക്ത കേരളം- ഐശ്വര്യ കേരളം പദ്ധതി" പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് ഇതിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ലഹരി വിമുക്ത കേരളം, ഐശ്വര്യ കേരളം പദ്ധതി സാക്ഷാത്ക്കരിക്കുന്നതിനായി ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസമത്സരം, പ്രസംഗമത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവത്ക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവത്ക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി വഴിയുള്ള ബോധവത്ക്കരണം റെയിൽവേ സ്റ്റേഷനുകളിലെ ബോധവത്ക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവത്ക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവത്ക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) യും (ഡി) യും | ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം പദ്ധതി സംബന്ധിച്ച രൂപരേഖ തയ്യാറാക്കുകയും ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പന നികുതിയിന്മേൽ **5% Cess** ഏർപ്പെടുത്തിയ തുകയിൽ നിന്നും കണ്ടെത്തുവാൻ തീരുമാനിച്ച "ലഹരി വിമുക്ത കേരളം-ഐശ്വര്യ കേരളം പദ്ധതി" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 'പുനർജ്ജനി **2030**' എന്ന സമഗ്ര പദ്ധതിയ്ക്ക് രൂപം നൽകുകയും, ഇത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ എക്സൈസ് കമ്മീഷണറോട് ആവശ്യപ്പെടുകയും, ആയതിന് വേണ്ട നടപടികൾ കൈക്കൊണ്ട് വരുകയും ചെയ്യുന്നു.<br>നിലവിൽ എക്സൈസ് വകുപ്പിന് ബഡ്ജറ്റ് പ്രൊവിഷനിൽ അനുവദിച്ച തുക വിനിയോഗിച്ച് ശക്തവും നൂതനവുമായ വിവിധതരത്തിലുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**